Reg. No.: ..............................

Name : ..................................

**IV Semester M.A. Degree (C.B.S.S. – Reg./Suppl. (Including Mercy Chance)/Imp.) Examination, April 2021**
**(2017 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 4C 16 : Other Literature**

Time : 3 Hours Max. Marks : 80

I. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. **ഓരോ** ചോദ്യത്തിന്റെയും ഉത്തരം **രണ്ടു**പുറത്തിൽ കവിയരുത്.

1) മനുഷ്യജീവിതത്തെ ലളിതവും സാരവത്തുമായി നിർവചിക്കുകയാണ് ഈസോപ്പ് കഥകൾ – ഈ പ്രസ്താവന പരിശോധിക്കുക.

2) ഏകാന്തതയുടെ നൂറുവർഷങ്ങൾ എന്ന നോവലിന്റെ മാന്ത്രികാന്തരീക്ഷത്തെ തേജോമയമാക്കുന്നത് ഹാസ്യാത്മകതയാണ് എന്ന നിരീക്ഷണം സമർത്ഥിക്കുക.

3) രതിയും മൃതിയുമാണ് സഹശയനം എന്ന നോവലിലെ ഊടുംപാവുമായി വർത്തിക്കുന്നത് - ചർച്ച ചെയ്യുക.

4) 'സാമൂഹികപ്രതിബദ്ധതയില്ലാത്ത കലയ്ക്കും തത്വചിന്തയ്ക്കും എതിരായുള്ള നിശിത വിമർശനമാണ് അരാഷ്ട്രീയ ബുദ്ധിജീവികൾ എന്ന കവിത'. ഈ നിരീക്ഷണം പ്രസ്തുത കവിതയോട് നീതിപുലർത്തുന്നുണ്ടോ ? – ചർച്ച ചെയ്യുക.

5) ദശരൂപകങ്ങളെ പരിചയപ്പെടുത്തുക. **(5×4=20)**

II. ഏതെങ്കിലും **അഞ്ച്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോ** ചോദ്യത്തിന്റെയും ഉത്തരം **നാലു** പുറത്തിൽ കവിയരുത്.

6) തരിശുനിലത്തിന്റെ വിവർത്തനത്തിലൂടെ അയ്യപ്പപ്പണിക്കർ മലയാള കാവ്യലോകത്ത് അവതരിപ്പിച്ച ആധുനികതയുടെ സവിശേഷതകൾ വിവരിക്കുക.

7) മാജിക്കൽ റിയലിസത്തിന്റെ സവിശേഷതകൾ സംഗ്രഹിക്കുക.

8) ''ഇല്ലാത്ത നിന്റെ നാട്ടുതെങ്ങുകളുടെ മായാരൂപങ്ങളായി നിറമിഴികളോടെ നീ എത്ര ആർത്തികൊള്ളും'' – എന്ന വിവർത്തനം In our foulmists with pensive eye still spraying to catch a glimpse of phantom palm tree swaying എന്ന വരികളെ എത്രത്തോളം ഉൾക്കൊള്ളുന്നുണ്ടെന്ന് പരിശോധിക്കുക.

9) ഈ മുഗ്ദ്ധസത്യങ്ങളെക്കണ്ടു നില്ക്കുമ്പോ – ഴേതോ വിഷാദത്തിലാണ്ടുപോയ് ചേതന – വിശദമാക്കുക.

10) 'ഞങ്ങളൊരുപാട്ദൂരം സഞ്ചരിച്ചിരിക്കുന്നു, ഇപ്പോൾ എല്ലാം പൂർത്തിയായി രിക്കുന്നു' – അറ്റം എന്ന കവിതയുടെ ആശയലോകത്തെ ഈ വരികൾ പ്രതിഫലി പ്പിക്കുന്നതെങ്ങനെ ?

11) ലാജ്വന്തിയെ തൊടരുതേ
തൊട്ടാലവൾ ചുരുണ്ടുകൂടി മരിച്ചുകളയും – പഞ്ചാബി നാടോടിപ്പാട്ടിലെ ഈ ഭാഗം ലാജ്വന്തി എന്ന കഥയ്ക്കു നൽകുന്ന അധികമാനം വിശദീകരിക്കുക.

12) ''എനിക്ക് എന്റെ ജീവനാണുവലുത്' – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

13) ഈഡിപ്പസ് എന്ന കഥാപാത്രത്തിന്റെ ആന്തരികസംഘർഷങ്ങൾ നാടകത്തെ എപ്രകാരമാണ് മുറുക്കി നിർത്തുന്നതെന്ന് പരിശോധിക്കുക.

14) തെരുവ്നാടകങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

15) നിങ്ങൾ ചോദിക്കുന്നു –
എന്തുകൊണ്ടാണ് അവന്റെ കവിത
ഇലകളെയും കിനാവുകളെയും
ജന്മനാട്ടിലെ കൂറ്റൻ അഗ്നിപർവ്വതങ്ങളെയും
കുറിച്ചു സംസാരിക്കാത്തത് ?
കാവ്യലക്ഷ്യത്തെക്കുറിച്ചുള്ള സങ്കല്പങ്ങളെ ഈ വരികൾ നവീകരിക്കുന്നതെങ്ങനെ ?

**(5×6=30)**

III. ഏതെങ്കിലും **മൂന്നു** ചോദ്യത്തിന് ഉത്തരം എഴുതുക. **ഓരോ** ചോദ്യത്തിന്റെയും ഉത്തരം **ആറു** പുറത്തിൽ കവിയരുത്.

16) കൊളോണിയൽ ആധുനികതയുടെ സാംസ്കാരികപശ്ചാത്തലം ഇന്ത്യൻ നോവലിനെ രൂപപ്പെടുത്തിയതെങ്ങനെ ?

17) ലാറ്റിനമേരിക്കൻ സാഹിത്യത്തിന്റെ സവിശേഷപ്രവണതയെന്നതിലുപരി ലാറ്റി നമേരിക്കൻ കലാചിന്തയുടെ ഭാഗമായാണ് മാജിക്കൽ റിയലിസത്തെ മനസ്സി ലാക്കേണ്ടത് – ചർച്ച ചെയ്യുക.



18) കവിതാവിവർത്തനങ്ങൾ മലയാള കവിതയുടെ ഭാവുകത്വത്തെ സവിശേഷമായി പുനർനിർമ്മിച്ചു – ഈ പ്രസ്താവന പരിശോധിക്കുക.

19) ഇന്ത്യൻ-ഗ്രീക്ക് നാടക സങ്കല്പങ്ങൾ താരതമ്യം ചെയ്യുക.

20) നാടോടിക്കഥകളെ ചെറുകഥ എന്ന സാഹിത്യരൂപത്തിന്റെ പ്രാഗ്രൂപങ്ങളായി പരിഗണിക്കാമോ ? ചർച്ച ചെയ്യുക.

21) ലോകസാഹിത്യം എന്ന പരികല്പനയുടെ സാംഗത്യം പരിശോധിക്കുക.

22) ഇന്ത്യൻ-യൂറോപ്യൻ കലാചിന്തകൾ സാഹിത്യത്തെ ഗുണപരമായി സ്വാധീനിച്ചതെങ്ങനെ ? വിമർശനാത്മകമായി പരിശോധിക്കുക.

23) ജീവന്റെയും മരണത്തിന്റെയും രഹസ്യങ്ങൾ തേടുന്ന രണ്ട് വൈദ്യവ്യവസ്ഥകളുടെ സംഘർഷഭരിതമായ മുഖാമുഖമാണ് ആരോഗ്യനികേതനം എന്ന നോവൽ. ചർച്ച ചെയ്യുക.

24) പാരിസ്ഥിതിക സൗന്ദര്യശാസ്ത്ര സമീപനങ്ങൾ സാഹിത്യത്തിന്റെ വിവിധ മേഖല കളെ കൂടുതൽ സർഗാത്മകമാക്കിത്തീർക്കുകയാണ് ചെയ്തത്. ഈ നിരീക്ഷണം വിലയിരുത്തുക.

**(3×10=30)**

---